**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 103** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ശബരിമല റോഡുകളുടെ നവീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അൻവർ സാദത്ത് ശ്രീ. പി. കെ. ബഷീർ

ശ്രീ. നാട്ടകം സുരേഷ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി)

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

**(എ)** മണ്ഡലകാലത്തിന് മുൻപായി ശബരിമല റോഡുകളും അനുബന്ധ റോഡുകളും ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ശബരിമല റോഡുകളും അനുബന്ധ റോഡുകളും സഞ്ചാരയോഗ്യമാക്കി നിലനിർത്തുന്നതോടൊപ്പം BM & BC നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമായി 90 പ്രവൃത്തികൾക്കായി 551.5011 കോടി രൂപയുടെ ഭരണാനുമതി 17/09/2026-ലെ GO(Rt)No.1076/2026/PWD പ്രകാരം നൽകിയിട്ടുണ്ട്. ആയതിന്റെ സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ ക്രമീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അപകട മേഖലകളിലെ റോഡ് നവീകരണവുമായി ബന്ധപ്പെട്ട് 60 പ്രവൃത്തികളിലായി 13.19 കോടി രൂപയുടെ ഭരണാനുമതി കേരളാ റോഡ് സുരക്ഷാ അതോറിറ്റി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ എത്രയും വേഗം ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്. റോഡ് സുരക്ഷാ പദ്ധതിയുടെ ഭാഗമായിട്ടുള്ള Road marking, Direction Boards, മറ്റ് Road Safety പ്രവൃത്തികൾ ടി പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ് എന്നിവർ ചേർന്ന് സംയുക്ത പരിശോധന നടത്തുകയും പരിശോധനകളെ തുടർന്നുള്ള നിർദ്ദേശങ്ങൾ പ്രകാരം റോഡുകളുടെ നിലവാരം ഉയർത്തുന്നതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരികയുമാണ്. കൂടാതെ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള ശബരിമല റോഡുകൾ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ പദ്ധതികളായ STMC, PBMC എന്നിവയിൽ ഉൾപ്പെടുത്തിയും, DLP യിലുള്ള റോഡുകൾ അതാത് കരാറുകാരെ കൊണ്ടും നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ദേശീയപാത വിഭാഗത്തിന് കീഴിൽ വരുന്ന ശബരിമല റോഡുകൾ എല്ലാം BM&BC നിലവാരത്തിൽ ഉള്ളതാണ്. റോഡുകളിൽ രൂപപ്പെടുന്ന "Pot Holes" അടിയന്തിരമായി നന്നാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**(ബി)** 2021 മുതൽ ശബരിമല റോഡുകളുടെ നവീകരണം കൃത്യമായി നടക്കാതിരുന്നത് പരിഗണിച്ച് ഇത്തവണ മുഴുവൻ ശബരിമല റോഡുകളും ഗുണനിലവാരത്തോടെ നന്നാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

**മറുപടി:** ശബരിമല റോഡുകളും അനുബന്ധ റോഡുകളും സഞ്ചാരയോഗ്യമാക്കി നിലനിർത്തുന്നതോടൊപ്പം BM & BC നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമായി 90 പ്രവൃത്തികൾക്കായി 551.5011 കോടി രൂപയുടെ ഭരണാനുമതി 17/09/2026-ലെ GO(Rt)No.1076/2026/PWD പ്രകാരം നൽകിയിട്ടുണ്ട്. ആയതിന്റെ സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ ക്രമീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അപകട മേഖലകളിലെ റോഡ് നവീകരണവുമായി ബന്ധപ്പെട്ട് 60 പ്രവൃത്തികളിലായി 13.19 കോടി രൂപയുടെ ഭരണാനുമതി കേരളാ റോഡ് സുരക്ഷാ അതോറിറ്റി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ എത്രയും വേഗം ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്. റോഡ് സുരക്ഷാ പദ്ധതിയുടെ ഭാഗമായിട്ടുള്ള Road marking, Direction Boards, മറ്റ് Road Safety പ്രവൃത്തികൾ ടി പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ് എന്നിവർ ചേർന്ന് സംയുക്ത പരിശോധന നടത്തുകയും പരിശോധനകളെ തുടർന്നുള്ള നിർദ്ദേശങ്ങൾ പ്രകാരം റോഡുകളുടെ നിലവാരം ഉയർത്തുന്നതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരികയുമാണ്. കൂടാതെ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിലുള്ള ശബരിമല റോഡുകൾ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ പദ്ധതികളായ STMC, PBMC എന്നിവയിൽ ഉൾപ്പെടുത്തിയും, DLP യിലുള്ള റോഡുകൾ അതാത് കരാറുകാരെ കൊണ്ടും നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ദേശീയപാത വിഭാഗത്തിന് കീഴിൽ വരുന്ന ശബരിമല റോഡുകൾ എല്ലാം BM&BC നിലവാരത്തിൽ ഉള്ളതാണ്. റോഡുകളിൽ രൂപപ്പെടുന്ന "Pot Holes" അടിയന്തിരമായി നന്നാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

**(സി)** റോഡുകൾ മെച്ചപ്പെടുത്തുന്നതിനൊപ്പം സുരക്ഷയ്ക്കും പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി റോഡ് മാർക്കിംഗ്, ദിശാ ബോർഡ് സ്ഥാപിക്കൽ, മറ്റു സുരക്ഷാ ക്രമീകരണങ്ങൾ എന്നിവ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** അപകട മേഖലകളിലെ റോഡ് നവീകരണവുമായി ബന്ധപ്പെട്ട് 60 പ്രവൃത്തികളിലായി 13.19 കോടി രൂപയുടെ ഭരണാനുമതി കേരളാ റോഡ് സുരക്ഷാ അതോറിറ്റി നൽകിയിരുന്നു. ആയതിന് സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ എത്രയും വേഗം ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്. റോഡ് സുരക്ഷാ പദ്ധതിയുടെ ഭാഗമായിട്ടുള്ള Road marking, Direction Boards, മറ്റ് Road Safety പ്രവൃത്തികളും ടി പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ഡി)** ശബരിമല മേഖലയിലെ റസ്റ്റ് ഹൗസുകളുടെ നവീകരണം, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവ 2026 നവംബർ മാസത്തോടെ പൂർത്തിയാക്കുമോയെന്ന് വ്യക്തമാക്കുമോ?

**മറുപടി:** ശബരിമല മേഖലയിലെ റസ്റ്റ് ഹൗസുകളുടെ Maintenance Running Contract-ൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾ ക്രമീകരിച്ചു വരുന്നു. കൂടാതെ ശബരിമല Campshed, റാന്നി റസ്റ്റ്ഹൗസ് എന്നീ പ്രവൃത്തികൾ 2026 നവംബർ മാസത്തിന് മുൻപ് പൂർത്തീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**